# കേരളസർവകലാശാല

നം.പി.ആർ.35/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ് സി. (സി.ബി.സി.എസ്. മേഴ്സിചാൻസ് – 2010, 2011, 2012 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ ജർമ്മൻ A1 & ജർമ്മൻ A2 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് (with specialisation in Data Analytics) ന്യൂ ജനറേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന് തീയതി ഫെബ്രുവരി 25. അപേക്ഷാഫീസ് slcm online portal മുഖേന മാത്രം അടയ്ക്കേണ്ടതാണ്. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടക്കുന്ന തുക സൂക്ഷ്മപരിശോധനയ്ക്ക് പരിഗണിക്കുന്നതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2023 ഫെബ്രുവരി 28 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ.എൽ.എൽ.ബി. (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2013 – 2019 അഡ്മിഷന്, മേഴ്സിചാൻസ് – 2011 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർസയൻസ്, ബി.സി.എ. (എസ്.ഡി.ഇ. – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2019 അഡ്മിഷൻ) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 20 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### തീയതി നീട്ടി

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് – ഹിയറിംഗ് ഇംപയേർഡ് (161), ആഗസ്റ്റ് 2022 (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2018 അഡ്മിഷൻ) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 28 വരെ നീട്ടിയിരിക്കുന്നു.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാംസെമസ്റ്റർ സി.ബി.സി.എസ്.എസ്./സി.ആർ.സി.ബി.സി.എസ്.എസ്. (ബി.എ./ബി.എസ്‌സി./ബി.കോം./ബി.ബി.എ./ബി.സി.എ./ബി.എസ്.ഡബ്ല്യൂ./ബി.പി.എ./ബി.വോക്.) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2018 – 2020 അഡ്മിഷൻ, മേഴ്സി ചാൻസ് – 2014 – 2016 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 19 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 21 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 23 വരെയും അപേക്ഷിക്കാം. ഈ തീയതികൾ റെഗുലർ (2022 അഡ്മിഷൻ) വിദ്യാർത്ഥികൾക്കും ബാധകമാണ്.

കേരളസർവകലാശാല 2023 മാർച്ച് 9 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. മേഴ്സി ചാൻസ് (2009 സ്കീം – 2010 – 2013 അഡ്മിഷൻ, 2014 സ്കീം – 2014 – 2017 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 20 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 23 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## നൈപുണ്യ വികസന പരിപാടി

കേരളസർവകലാശാലയുടെ കീഴിലുള്ള ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Green Ways Social Welfare Trust ന്റെ സഹകരണത്തോടെ പഠനത്തോടൊപ്പം വരുമാനം കണ്ടെത്തുകയും വിദ്യാർത്ഥികളെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'Earn while Learn' എന്ന നൈപുണ്യ വികസന പദ്ധതിയുടെ ആദ്യ പരിപാടിയായ LED ബൾബുകളുടെ നിർമ്മാണ പരിശീലനം 2023 ഫെബ്രുവരി 16 ന് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വിഭാഗം സെമിനാർ ഹാളിൽ വച്ച് നടത്തുന്നതാണ്.

## ജർമ്മൻ A2 (Deutsch A2), ജർമ്മൻ B1 (Deutsch B1) (ODEPC) – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം ODEPC വിദ്യാർത്ഥികൾക്കു വേണ്ടി നടത്തുന്ന ജർമ്മൻ A2 (Deutsch A2) കോഴ്സിനും ജർമ്മൻ B1 (Deutsch B1) കോഴ്സിനും അപേക്ഷ ക്ഷണിച്ചു.

ജർമ്മൻ A2 (Deutsch A2) SHORT TERM കോഴ്സ്: യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത & ജർമ്മൻ A1 (Deutsch A1)/തത്തുല്യ യോഗ്യത, കോഴ്സ് ഫീ: Rs.9000/-, കാലയളവ്: 80 മണിക്കൂർ, ആകെ സീറ്റ്: 30.

ജർമ്മൻ B1 (Deutsch B1) SHORT TERM കോഴ്സ്: യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത & ജർമ്മൻ A2 (Deutsch A2)/തത്തുല്യ യോഗ്യത, കോഴ്സ് ഫീ: Rs.15000/-, കാലയളവ്: 120 മണിക്കൂർ, ആകെ സീറ്റ്: 30.

അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ്. (payable at University Cash Counter or online) അപേക്ഷാഫോം ജർമ്മൻ ഡിപ്പാർട്ട്മെന്റ് (യൂണിവേഴ്സിറ്റി) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://www.keralauniversity.ac.in/dept/dept-home) പൂരിപ്പിച്ച അപേക്ഷകൾ 2023 ഫെബ്രുവരി 20 വൈകിട്ട് 4 മണി വരെ പാളയം സെനറ്റ്ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

## ജർമ്മൻ A2 (Deutsch A2) – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A2 (Deutsch A2) കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

ജർമ്മൻ A2 (Deutsch A2) SHORT TERM കോഴ്സ്: യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത & ജർമ്മൻ A1 (Deutsch A1)/തത്തുല്യ യോഗ്യത, കോഴ്സ് ഫീ: Rs.9000/-, കാലയളവ്: 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: 7.30 am to 9.00 am (തിങ്കൾ മുതൽ വെള്ളി), ആകെ സീറ്റ്: 30.

അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ്. (payable at University Cash Counter or online) അപേക്ഷാഫോം ജർമ്മൻ ഡിപ്പാർട്ട്മെന്റ് (യൂണിവേഴ്സിറ്റി) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://www.keralauniversity.ac.in/dept/dept-home) പൂരിപ്പിച്ച അപേക്ഷകൾ 2023 ഫെബ്രുവരി 27 വൈകിട്ട് 4 മണി വരെ പാളയം സെനറ്റ്ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,
15.02.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**